## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5025

23.03.2018-ൽ മറുപടിയ്ക്ക്.

# മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുക, നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുക, ചെറുകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവത്കരണത്തിനും, ശാസ്ത്രീയമായി തൊഴുത്തു നിർമ്മിക്കുന്നതിനും മറ്റും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ്. |
| (ബി) 2017-18 വർഷത്തിൽ മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെ യെന്ന് വ്യക്തമാക്കാമോ; | (ബി) 2017-18 വർഷം സംസ്ഥാനത്ത് വ്യക്തമായ ഡെയറി മേഖലകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി പാൽ ഉല്പാദനത്തിൽ കൂടുതൽ സാദ്ധ്യതയുള്ള ബ്ലോക്കുകളെ തെരഞ്ഞെടുത്തു കൊണ്ട് 22 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തി "ഡെയറി സോൺ" പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 5 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമ പഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. തൻവർഷം ഈയിനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) 2016-17 വർഷം മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്; | (സി) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 2016-17 വർഷം 1 പശുയൂണിറ്റ് (ഗോദാനം), 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് കൂടാതെ 5 കിടാരി, 10 കിടാരി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം |

| | | | |
|---|---|---|---|
| | | | നല്കിയിട്ടുണ്ട്. കൂടാതെ കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും, പുതിയവ പണിയുന്നതിനും, ഫാമുകളുടെ ആധുനികവത്കരണത്തിനും ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ക്ഷീരോല്പാദന ചെലവ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | • കാലിത്തീറ്റ സബ്സിഡി - ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം 12.5 കോടി രൂപയും 2017-18 വർഷം 13 കോടി രൂപയും കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തു. 2018-19 വർഷം ഈ ഇനത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>• ക്ഷീരസംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് പച്ചപ്പുൽ / വൈക്കോൽ ലഭ്യമാക്കി.<br>• പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിന് തീറ്റപ്പുൽകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നുണ്ട്. |
| (ഇ) | കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ സംസ്ഥാനത്തേക്ക് കൊണ്ടു വരുന്നതിന് പദ്ധതിയുണ്ടോ; | (ഇ) | കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ സംസ്ഥാനത്തേക്ക് കൊണ്ടു വരുന്നതിന് പദ്ധതിയുണ്ട്. കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (എഫ്) | കിടാരികളെ കൊണ്ടു വരുന്നതിന് നിയമപരമോ മറ്റേതെങ്കിലുമോ ആയ തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | നിലവിൽ കിടാരികളെ കൊണ്ടുവരുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ